# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാവിലുംപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/1662/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവിലുംപാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/1662/2021 തീയ്യതി: 03/12/2021

## കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-03-2020 മുതൽ 13-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 15-11-2021 | 26-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 26-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സതീഷ് കുമാർ കെ.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.കരുണാകരൻ എം.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയകുമാർ പാലോളി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ.രാജീവൻ എൻ. സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.ജാസിർ സി.എം.ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അന്നമ്മ ജോർജ് | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീ.ജോർജ്ജ് പി.ജി | പ്രസിഡന്റ് | 12-12-2020 | 31-03-2021 |
| ശ്രീ.രജുലാൽ എം.പി | സെക്രട്ടറി | 01-04-2020 | 21-07-2020 |
| ശ്രീ.ഷാനവാസ് ഇ | സെക്രട്ടറി | 21-07-2020 | 05-02-2021 |
| ശ്രീമതി.സിനികുമാരി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-02-2021 | 19-02-2021 |
| ശ്രീ.സജീവൻ ഇ.ജി | സെക്രട്ടറി | 19-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിനികുമാരി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 10-03-2021 |
| ശ്രീ,പ്രകാശൻ പി.എം | അസിസ്റ്റന്റ് സെക്രട്ടറി | 10-03-2021 | 31-03-2021 |
| ശ്രീമതി.അമൃത ബാബു | കൃഷി ഓഫീസർ | 01-04-2020 | 08-10-2020 |
| ശ്രീ.സൂരജ് എൻ | കൃഷി ഓഫീസർ | 08-10-2020 | 15-03-2021 |
| ശ്രീമതി.ജ്യോതി സി ജോർജ്ജ് | കൃഷി ഓഫീസർ | 15-03-2021 | 31-03-2021 |
| ശ്രീമതി.ഫിലോമിന എൻ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഹജിപ്രസാദ് ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.സുരേഷ്ബാബു | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ബിജി യു.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 16-01-2021 |
| ഡോ.മുഹമ്മദ് തസ്നീം | മെഡിക്കൽ ഓഫീസർ ഹോമിയോ | 17-01-2021 | 31-03-2021 |
| ഡോ.കാർത്തികേയൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.മഹേഷ് കെ.കെ | ഡയറി ഫാം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഇൻസ്ട്രക്ടർ | | |
| ശ്രീ.അംബുജാക്ഷൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീ.മനോജ് മാത്യു | ഹെഡ്മാസ്റ്റർ | 01-06-2020 | 23-10-2020 |
| ശ്രീ.ശശി സി.കെ | ഹെഡ്മാസ്റ്റർ | 23-10-2020 | 31-03-2021 |
| ശ്രീ ഷൈലേഷ് കുമാർ വി.ടി | വി.ഇ.ഒ, ചാത്തങ്കോട്ട് നട സർക്കിൾ | 01-04-2020 | 28-09-2020 |
| ശ്രീ.രാഗേഷ് ചന്ദ്ര | വി.ഇ.ഒ, ചാത്തങ്കോട്ട് നട സർക്കിൾ | 28-09-2020 | 31-03-2021 |
| ശ്രീ.ജയകുമാർ വി.പി | വി.ഇ.ഒ,കാവിലുംപാറ സർക്കിൾ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: N. Rajeevan (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 02-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: N. Rajeevan (Senior Grade Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗം.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: M.Karunakaran (Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Jasir C M (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-9 |
| 11 | മുഴുവൻ റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വേറിൽ അപ്ലോഡ് ചെയ്തില്ല-നികുതി നഷ്ടം<br>Written By: Jasir C M (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-10 |
| 12 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Jasir C M (Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-11 |
| 13 | ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി വൻതുക ചെലവഴിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-12 |
| 14 | വരൾച്ചാ ദുരിദാശ്വാസം കുടിവെള്ള വിതരണം - ഗുണമേന്മ പരിശോധിക്കാതെ കുടിവെള്ളം വിതരണം ചെയ്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-13 |
| 15 | ലൈഫ് ഭവനപദ്ധതി-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല<br>Written By: Sathish Kumar K (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-14 |
| 16 | വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ | 1-15 |

| | | |
|---|---|---|
| | -മുൻകൂർ കൈപ്പറ്റി പണി ആരംഭിച്ചില്ല<br>Written By: Sathish Kumar K (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | |
| 17 | സാക്ഷരത പ്രേരക് മാർക്ക് ഓണറേറിയം നൽകിയത് - അപാകതകൾ<br>Written By: Sathish Kumar K (Audit Officer (HG), On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-16 |
| 18 | എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കായി വാങ്ങിയ മുഴുവൻ ഫർണിച്ചറുകളും വിതരണം ചെയ്തില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-17 |
| 19 | ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Jayakumar Paloli (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-18 |
| 20 | സ്ററാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-19 |
| 21 | അഗതിരഹിത കേരളം-ചലഞ്ച് ഫണ്ട് യഥാസമയം കുടുബശ്രീക്ക് കൈമാറിയില്ല, ഭക്ഷണവിതരണം തടസ്സപ്പെട്ടു.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-20 |
| 22 | ജലനിധി പദ്ധതികളുടെ പുനരുദ്ധാരണത്തിന് കൈമാറിയ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-21 |
| 23 | ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-22 |
| 24 | പച്ചക്കറി തൈ വിതരണം- സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തി തുക ചെലവഴിച്ചതിൽ അപാകത.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-23 |
| 25 | വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ തൈകൾ, വിത്തുകൾ എന്നിവ വിതരണം ചെയ്തതിന് രേഖകളില്ല.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-24 |
| 26 | ബഡ്സ് സ്കൂൾ ഭക്ഷണ വിതരണം - ഭക്ഷണ വിതരണത്തിന് മതിയായ ഫണ്ട് വകയിരുത്തിയില്ല.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-25 |
| 27 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-26 |
| 28 | പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്.- കെൽട്രോണിൽ അധിക തുക അടവാക്കിയതും മറ്റ് അപാകതകളും | 1-27 |

| | | |
|---|---|---|
| | Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | |
| 29 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-K.S.E.B.അനുമതി ഇല്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിച്ചതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-28 |
| 30 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-29 |
| 31 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നത് വഴി പഞ്ചായത്തിന് നഷ്ടം<br>Written By: Jayakumar Paloli (Asst. Audit Officer, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-30 |
| 32 | റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sathish Kumar K (Audit Officer (HG), On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sathish Kumar K (Audit Officer (HG), On 22-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.Karunakaran (Audit Officer, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sathish Kumar K (Audit Officer (HG), On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sathish Kumar K (Audit Officer (HG), On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N. Rajeevan (Senior Grade Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sathish Kumar K (Audit Officer (HG), On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 03-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 17.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 2 തീരുമാനം (1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 19.2.21 ലെ അജണ്ട 2തീരുമാനം(1) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മറ്റികളൊന്നും തന്നെ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെല്ലാംതന്നെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കി ലും സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളു. ഭരണസമിതി അംഗീകരിച്ചു നൽകിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവു ചെലവുകളും തമ്മിൽ അന്തരം കാണുന്നു. 17.3.20ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 281363549 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 122194843 രൂപ മാത്രമാണ്. അതെപോലെ തന്നെ ചെലവ് ബജറ്റ് പ്രകാരം265363200 രൂപയും യഥാർത്ഥ ചെലവ് 105213734 രൂപയുമാണ്.

പഞ്ചായത്ത് അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് പരിശോധനക്ക് ലഭ്യമാക്കാത്ത തിനാൽ ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പ്രധാന നികുതി വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വസ്തു നികുതി | 3500000 | 3300828 |
| തൊഴിൽ നികുതി | 2200000 | 2990060 |
| കെട്ടിട വാടക | 200000 | 6612 |

തൊഴിൽനികുതിയിനത്തിൽ പഞ്ചായത്തിന്റെ യഥാർത്ഥ വരുമാനം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവിൽ കൂടുതൽ ഉള്ളതായി കാണുന്നു. അതേപോലെതന്നെ ഫീസ് & യൂസർ ചാർജ് ഇനത്തിൽ ബജറ്റ് പ്രകാരം 852000 രൂപ വരവ് പ്രതീക്ഷിച്ചപ്പോൾ യഥാർത്ഥ വരവ് 1318299 രൂപയുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങൾ മുൻകൂട്ടി കണക്കാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചതായി കാണുന്നു. അതെപോലെതന്നെ തനത് ചെലവിനങ്ങളിൽ ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗത്തിൽ ആകെ പ്രതീക്ഷിത ചെലവുകൾക്ക് 1175000 രൂപ വകയിരുത്തിയപ്പോൾ യഥാർത്ഥ ചെലവ് 1447959 രൂപയുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 01.11.2021 | | |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റേഷൻ കട - എസ്.എൻ.ഡി.പി. റോഡ് പ്രവൃത്തിക്കായി ചെലവഴിച്ച 389758/- രൂപ,ഹെഡ് മാസ്റ്റർ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണത്തിനായി ചെലവഴിച്ച 149512/- രൂപ എന്നിവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2. വാർഷിക കണക്കിൽ വസ്തുനികുതി കുടിശ്ശിക റസിഡൻഷ്യൽ ഇനത്തിൽ 7120/- രൂപ വരവുണ്ട് (RP-43) എന്നാൽ 2019-20 വർഷത്തെ ബാലൻസ് ഷീറ്റിൽ (B-15) ഈ തുക രേഖപ്പെടുത്തിയിട്ടില്ല.

3.കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടില്ല. 2012-13 വർഷം മുതൽ വിവിധയിനങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ രൂപ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്നതിന് അവശേഷിക്കുന്നുണ്ട്.

4.Sale Of Tender Forms ഇനത്തിൽ(RP-5) തൻവർഷം 159912/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5.സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്പഞ്ചായത്ത് വിഹിതം ഇനത്തിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം 541410/- രൂപയും, ജില്ലാപഞ്ചായത്ത് വിഹിതമായി 157260/- രൂപയും നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇവ തിരിച്ചടക്കേണ്ടതാണ്

6. ഇ-ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

7.ആസ്തികൾക്ക് ഡിപ്രിസിയേഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8.മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. വാടക കുടിശ്ശിക ബാലൻസ് ഷീറ്റ് (B-15) പ്രകാരം 1261/- രൂപയാണ് എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് 1263/- രൂപയാണ്.

10.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 20/20-21-25.11.2021) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24313976 |
| വരവ് | 97880867 |
| ആകെ | 122194843 |
| ചെലവ് | 105213734 |
| നീക്കിയിരിപ്പ് | 16981109 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 199 | 163 | 9 | 27 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 199 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 172 പ്രൊജക്ടുകൾക്ക് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 142493392 രൂപ വകയിരുത്തിയതിൽ 76666389 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 12691880 | 9381924 | 3309956 |
| C.F.C.ഗ്രാന്റ് ( Tied) | 7780000 | 5340695 | 2439305 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6591647 | 5822333 | 769314 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14762000 | 14671540 | 90460 |
| വികസന ഫണ്ട് ജനറൽ | 18450067 | 18443641 | 6426 |
| വികസന ഫണ്ട് -SCP | 764373 | 764373 | - |
| വികസന ഫണ്ട് -T.S.P | 624000 | 522172 | 101828 |
| ആകെ | 61663967 | 54946678 | 6717289 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 61663967 രൂപയിൽ 54946678 രൂപ മാത്രമെ പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 6717289 രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

സാമ്പത്തിക വർഷത്തിൽ ലാപ്സായ 6717289 രൂപയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കാത്തത് മൂലമുള്ള ഫണ്ട് നഷ്ടമാണ് പ്രധാനം. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ 101 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 83 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞത്. അസിസ്റ്റന്റ് എഞ്ചിനീയർ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ സാമ്പത്തിക വർഷം ലഭ്യമായ 14762000 രൂപയിൽ 146715410 രൂപയും ചെലവഴിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും വ്യക്തമായ ഒരു മെയിന്റനൻസ് പ്ലാനിന്റെ അടിസ്ഥാനത്തിലല്ല തുക ചെലവഴിച്ചിരിക്കുന്നത്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ, വിഇ.ഒ. എന്നിവരുടെ പ്രൊജക്ടുകളുടെ നിർവഹണം കുറവാണ്. മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തങ്ങൾക്ക് ലഭ്യമായ പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം , നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, പ്രൊജക്ട് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടുകാണുന്നു. ഉദാ-.31.12.18 ൽചേർന്ന മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ്, വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗ മിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-5 ഗ്രാന്റ് വിനിയോഗം.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 18450067 | 18450067 | 18443641 | 6426 |
| വികസന ഫണ്ട് .S.C.P | - | 764373 | 764373 | 764373 | - |
| വികസന ഫണ്ട് .T.S.P | - | 624000 | 624000 | 522172 | 101828 |
| C.F.C (Untied) | - | 12691880 | 12691880 | 9381924 | 3309956 |
| C.F.C (Tied) | - | 7780000 | 7780000 | 5340695 | 2439305 |
| M.G.(Road) | - | 14762000 | 14762000 | 14671540 | 90460 |
| M.G.( Non Road) | - | 6591647 | 6591647 | 5822333 | 769314 |
| എസ്.എൻ.പി | 1313929 | 794046 | 2107995 | 916747 | 1191228 |
| ശുചിത്വമിഷൻ | 1205017 | 2419574 | 3624591 | 807379 | 2817212 |
| ജലനിധി | 276000 | 2060077 | 2336077 | 0 | 2336077 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 1226087 | 2285027 | 3511114 | 540580 | 2970534 |
| ലൈഫ് ഭവന പദ്ധതി | 11131904 | 1857117 | 12989021 | 2600000 | 10389021 |
| അഗതി ആശ്രയ | 218076 | - | 218076 | - | 218076 |
| കോവിഡ് | 0 | 100000 | 100000 | 100000 | - |
| എം.പി.ഫണ്ട് | 5560 | 152 | 5712 | 0 | 5712 |
| മറ്റ് ഫണ്ടുകൾ | 0 | 144777 | 144777 | 66354 | 78423 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 15855984 | 11401611 | 27257595 | 26257595 | 1000000 |

**ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-**

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ, എസ്.സി.പി, ഗ്രാന്റിനങ്ങളിൽ അലോട്ട്മെന്റ് തുക വരവു രേഖപ്പെടുത്തിയപ്പോൾ ചെലവു കാണിച്ചിരിക്കുന്നത് ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടെയാണ്. ഇപ്രകാരം കുറവു ചെയ്ത തുക അലോട്ട്മെന്റിൽ വരവായി ഉൾപ്പെടുന്നില്ല. ആയതിനാൽ ബാലൻസ് തുക വികസനഫണ്ട് ജനറൽ വിഭാഗത്തിൽ യൂട്ടിലൈസേഷൻ പത്രിക പ്രകാരം മൈനസ് വരുന്നു. മറ്റ് ചെലവിനങ്ങളിൽ വികസനഫണ്ട് ടി.എസ്.പി യിൽ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരം 779000 രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ യഥാർത്ഥ ചെലവ് എ.സി.ആർ പ്രകാരം 522172 രൂപയാണ്. അതേ പോലെ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ യഥാർത്ഥ ചെലവ് എ.സി.ആർ പ്രകാരം 14671540 രൂപയുള്ളപ്പോൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 14281782 രൂപയാണ്.

2)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്-ജനറൽ ഉത്പാദനം | 13864783 | 6064783 |
| സേവനം | 105431607 | 18030203 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | 2529385 | 913560 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉത്പാദനം. | 6268537 | 566950 |
| സേവനം | 17805824 | 10922274 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് പാശ്ചാത്തലം | 21264779 | 20294779 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 6268537 | 4465801 |

3)I.K.M.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം C.S.S., ഇനത്തിലും, S.S.S. ഇനത്തിലും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S., ഇനത്തിൽ പൂരകപോഷകാഹാരപദ്ധതിക്ക് 794046 രൂപ തൻവർഷം വരവു വന്നിട്ടുണ്ട്. അതേപോലെ S.S.S ഇനത്തിൽ ലൈഫ് ഭവനപദ്ധതിക്ക് 1857117 രൂപയും ബഡ്സ് സകൂൾ ഗ്രാന്റിനത്തിൽ വരവുവന്ന 2285027 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപെട്ടിട്ടില്ല. C.S.S, S.S.S ഇനങ്ങളിലുള്ള അലോക്കേഷൻ തുക സുലേഖ സ്റ്റേറ്റ്മെന്റിലുള്ളതും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4)ലൈഫ് ഭവനപദ്ധതിക്ക് സ്റ്റേറ്റ് ഷെയർ ഇനത്തിൽ മുൻബാക്കി ഉൾപ്പെടെ വരവുവന്നതും ചെലവഴിച്ചതുമായ തുകയുടെ ആധികാരികത വ്യക്തമല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 899907 | 1213405 | 2113312 | 1995399 | 1179913 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്ന തുക | 0 | 70157710 | 70157710 | 70157710 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 9478700 | 602 |
| വിധവാപെൻഷൻ | 15141000 | 996 |
| വാർദ്ധക്യകാലപെൻഷൻ | 21116200 | 1509 |
| വികലാംഗപെൻഷൻ | 4476600 | 290 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 323400 | 21 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43018 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് യഥായമയം ജോലി സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സാമ്പത്തിക വർഷത്തിൽ എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ പലസമയത്തും വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കലക്ഷനുകളുടെ കൃത്യത പലപ്പോഴും പരിശോധനക്ക് വിധേയമാക്കുന്നില്ല. ക്യാഷ്ബുക്ക് ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി

സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുകയും യഥാസമയം മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റരീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരിക മാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടില്ല. 1996-97 മുതൽ 18-19 വരെയുള്ള കാലങ്ങളിൽ 17 റപ്പോർട്ടുകളിലായി 173 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ കിടക്കുന്നുണ്ട്. മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നു വരുന്ന പ്രവണതയുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണ ത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി & ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചുകാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതുസംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## <u>1-10 മുഴവൻ റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്തില്ല-നികുതി നഷ്ടം</u>

സഞ്ചയ സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 183 റോഡുകളുടെ പേരുവിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്(സെക്രട്ടറിയുടെ ലോഗിൻ പ്രകാരം). നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും മുഴവൻ റോഡുകളുടെയും പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയുമാണ് ചെയ്തു വരുന്നത്.

ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ,

ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി സഞ്ചയയിൽ കെട്ടിട നമ്പർ അനുവദിച്ച വിവിധ ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നുണ്ട്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നാതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം.

**റോഡുകൾ രേഖപ്പെടുത്തിയത് അപൂർണ്ണം.**

സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 173 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 385 റോഡുകൾ സ്ഥാപനത്തിലുണ്ട്. സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ റോഡുകളിൽ 85 എണ്ണം 5 മീറ്ററിൽ കൂടുതലുള്ളതാണ്. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 109 റോഡുകൾ ഈ ഗണത്തിൽ പെടുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം പൂർണ്ണമല്ല എന്ന് അനുമാനിക്കാവുന്നതാണ്.

അപാകത പരിഹരിക്കുന്നതിന് മുഴുവൻ റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതും മുൻകാലങ്ങളിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ റോഡിന്റെ തരം രേഖപ്പെടുത്തിയത് വഴി നികുതി നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും അപ്രകാരം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമയിൽനിന്നും ഈടാക്കേണ്ടതുമാണ്.

**<u>1-11 തൊഴിൽ നികുതി-അപാകതകൾ</u>**

1) <u>രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

<u>2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.</u>

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2007 കെട്ടിടങ്ങൾ(ഡിമാന്റുകൾ) വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയി ക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ 15 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1992 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 533 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 710 ആണ്. അവശേഷിക്കുന്ന 1282 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനു ള്ള സാധ്യത നിലനിൽക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃത മായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3)സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

2020-21 സാമ്പത്തിക വർഷം കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ രണ്ടോ അതിലധികമോ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. സ്ഥാപന ഉടമയിൽ നിന്നും അവർക്ക് ലഭ്യമാകുന്ന വരുമാനം സംബന്ധിച്ച റിട്ടേൺ വാങ്ങി തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല. ഇത് കാരണം ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. ഉദാ-ലൈസൻസ് നം-310/20-21 ശ്രീ.വിജയൻ പി.കെ പൈക്കാട്ടുമ്മൽ എന്നയാളിന്റെ വീനസ് ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽ 5 പേർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.
ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1-12 ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി വൻതുക ചെലവഴിക്കുന്നു.

സ്ഥാപനത്തിന്റെ സാമ്പത്തിക വർഷത്തെ ചെലവുപത്രിക പരിശോധിച്ചതിൽ വിവിധ പ്രൊജക്ടുകൾക്കായി തനത് ഫണ്ടിൽനിന്നും 111227318 രൂപ വകയിരുത്തുകയും 8899622 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 5.1(3) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽനിന്നും നിഷ്കർഷിച്ച അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ചശേഷം മിച്ചമുള്ള തുക തനത്ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ വകയിരുത്തണം. എന്നാൽ പഞ്ചായത്തിൽ തനത്ഫണ്ട് വകയിരുത്തിയ പ്പോൾ ആയത് പരിഗണിച്ച കാണുന്നില്ല. 19-20 സാമ്പത്തികവർഷത്തെ പഞ്ചായത്തി ന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് (20-21 മുന്നിരിപ്പ്) ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലായി അവശേഷിക്കുന്നത് 19102419 രൂപയാണ്. ആയതിൽ മറ്റ് പ്രത്യേക ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭ്യമായതും ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നതുമായ 13025812 രൂപയുണ്ട് (2019-20 ബാലൻഷീറ്റ് B4) ആയത് കുറവ് ചെയ്താൽ തനത്ഫണ്ട് നീക്കിയിരിപ്പ് 6076607 രൂപയാണ്. ഇതിൽ നിന്നും തൻവർഷം നൽകാനുള്ളതും ബാധ്യതയായി അവശേഷിക്കുന്നതുമായ തുക B.9, B.7 എന്നിവ പ്രകാരം 3223858 രൂപയുണ്ട്. ഇതുകൂടി കുറവു ചെയ്താൽ 2852749 രൂപ മാത്രമാണ് 2019-20 സാമ്പത്തിക വർഷം നീക്കിയിരിപ്പ് അതായത് 20-21ൽ മുന്നിരിപ്പായുള്ളൂ. ഈ ഒരു സാമ്പത്തിക സ്ഥിതിയാലാണ് തൻവർഷത്തെ തനത് ഫണ്ട് വരവു പ്രതീക്ഷിച്ച് 111227318 രൂപ തനത് ഫണ്ടിൽ നിന്നും പ്രൊജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നത്. തൻവർഷത്തെ യഥാർത്ഥ തനത് ഫണ്ട് വരവും , പഞ്ചായത്തിന്റെ അനിവാര്യ ചെലവും പരിശോധിച്ചതിൽ ടാക്സ്, ഫീസ് ഉൾപ്പെടെ തനത് വരുമാനം 7858217രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് വരവ് 11401611 രൂപയും ഉൾപ്പെടെ ആകെ 19255828 രൂപ വരവുണ്ട്. ആയതിൽ ശമ്പള ചെലവുകൾ, ഓപ്പറേഷൻ & മെയിന്റനൻസ്, ഭരണചെലവുകൾ എന്നിവക്കു തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ (I.12(B), 1.10(B)1.11(B)) 13711850രൂപ വരുന്നുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ തനത് വരവിൽ നിന്നും (ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെ) പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ കഴിച്ച് ഇത്രയും ഭീമമായ തുക തനത്ഫണ്ടിൽ നിന്നും പ്രൊജക്ടുകൾക്ക് വകയിരുത്താൻ ഇല്ലെന്ന് വ്യക്തമാവുന്നു. ലഭ്യത ഇല്ലാത്ത തനത്ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനാൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനും, അല്ലെങ്കിൽ തനത് ഫണ്ട് വിഹിതം ചെലവഴിക്കപ്പെടാതിരിക്കുന്നതിനും കാരണമാവും . ലഭ്യതപരിഗണിക്കാതെ തനത് ഫണ്ടിനത്തിൽ വൻതുക വകയിരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നും എത്രമാത്രം തുക പ്രൊജക്ടുകൾക്കായി വകയിരുത്താം എന്നത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശം ഭരണസമിതി മുമ്പെ അവതരിപ്പിക്കാൻ ബാധ്യതപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. അപാകതക്ക് മറുപടിലഭ്യമാക്കിയും, തുടർ വർഷങ്ങളിൽ തനത് ഫണ്ട് ലഭ്യത പരിഗണിച്ച് മാത്രം പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയും അപാകത പരിഹരിക്കാവുന്നതാണ്.

**<u>1-13 വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം - ഗുണമേന്മ പരിശോധിക്കാതെ കുടിവെള്ളം വിതരണം ചെയ്തതും മറ്റ് അപാകതകളും</u>**

പ്രൊജക്ട് നമ്പർ -99/21

വകയിരുത്തിയ തുക - 300000

ചെലവുതുക - 218790 (ബിൽ നമ്പർ 29/5.2.21)

ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (4000 ലിറ്റർ ടാങ്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് 220 രൂപ) ശ്രീ. അബ്ദുൾ സമദ് കെ.കെ എന്ന ആളുടെ ടെണ്ടർ അംഗീകരിക്കുകയും ടിയാൻ 18.4.2020 മുതൽ 27.5.20 വരെ K.L. 14 L.6421ൽനമ്പർ വാഹനത്തിൽ കുടിവെള്ളം വിതരണം ചെയ്തതിന് 214414 രൂപ ആദായ നികുതി കുറവ് ചെയ്ത് കരാറുകാരന് നൽകിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)കരാറുകാരൻ വിതരണംചെയ്ത വെള്ളത്തിന്റെ ഗുണമേന്മ അംഗീകൃത ലാബിൽ പരിശോധന നടത്തി കുടിവെള്ളത്തിന് അനുയോജ്യമാണെന്ന ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാ ക്കിയിട്ടില്ല.

2) വാഹനത്തിൽ ജി.പി.എസ്. ലോഗ് ഘടിപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.നം 500/19 തി 2.3.2019 ഉത്തരവിൽ ജി.പി.എസ്. ലോഗും, വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യ ഉറപ്പുവരുത്തിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ചെലവുതുക വിനിയോഗിക്കേണ്ട താണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ജി.പി.എസ്.ലോഗ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് മാത്രമല്ല കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്.

3)23-7-19 ന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറിമാർക്കയച്ച കത്തിൽ കുടിവെള്ള വിതരണം പരിശോധിക്കുന്നതിന് ഒരുചാർജ് ഓഫീസറെ നിയോഗിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും അത്തരമൊരു ചാർജ് ഓഫീസറെ നിയോഗിച്ച് കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കോവിഡ് വ്യാപനം മൂലമാണ് കുടിവെള്ളം അംഗീകൃത ലാബിൽ നിന്നും പരിശോധനക്ക് വിധേയമാക്കാതിരുന്നതെന്ന മറുപടി തൃപ്തികരമല്ല. കോവിഡ് കാലത്ത് ഇത്തരം സേവനങ്ങൾക്കൊന്നും തടസ്സമുണ്ടായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. കൂടാതെ വാഹനത്തിന്റെ ജി.പി.എസ്.ലോഗ് ഘടിപ്പിച്ചത് സംബന്ധിച്ചും, ആയത് ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഗണിക്കാതെ കരാറുകാരന്റെ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്

**<u>1-14 ലൈഫ് ഭവനപദ്ധതി-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല</u>**

പ്രോജക്ട് നം -154/20-21

നിർവ്വഹണം -വി.ഇ.ഒ

അടങ്കൽ - 310000000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്-2800000/-,
ബ്ലോക്ക് പഞ്ചായത്ത് -80000,
ജില്ലാ പഞ്ചായത്ത് -6445652/,
മറ്റുള്ളവ -21674348 )

ചെലവ് - 2580000/-

2018-19 വർഷം ആരംഭിച്ച ലൈഫ് ഭവനപദ്ധതിക്ക്(ലൈഫ് ജനറൽ) 140 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഓഡിറ്റ് വർഷം വരെ 137 ഗുണഭോക്താക്കളാണ് വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 3 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിലുൾപ്പെടുന്ന 2പേർ വീടിന്റെ മേൽക്കൂര നിർമ്മാണം വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ ഒരാളായ ശ്രീമതി.നാരായണി ഉറവുകണ്ടു പറമ്പത്ത് എന്നയാൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും 40000/- രൂപ NEFT ആയി കൈമാറുകയും ചെയ്തിട്ടുള്ളതാണ് (Bill Reference No-181704520103002337764. തിയ്യതി-19.06.2018). എന്നാൽ ഓഡിറ്റ് തിയ്യതി വരെ ഗുണഭോക്താവ് വീട് പണി ആരംഭിച്ചിട്ടില്ല.

ഗുണഭോക്താവ് വീട് നിർമ്മാണം ആരംഭിക്കാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

**<u>1-15 വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ -മുൻകൂർ കൈപ്പറ്റി പണി ആരംഭിച്ചില്ല</u>**

പ്രോജക്റ്റ് നം -98/20-21

നിർവ്വഹണം -വി.ഇ.ഒ

അടങ്കൽ -2400000 /-(പൊതുവിഭാഗം സാധാരണ വിഹിതം-1463000/-,
ബ്ലോക്ക് പഞ്ചായത്ത്-1100000,ജില്ലാ പഞ്ചായത്ത്-437000/- )

ചെലവ് -2205000 /-

31 ഗുണഭോക്താക്കളെയാണ് വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ എന്ന പ്രോജക്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.ശിഹാബ് തങ്ങൾ, കമ്മനക്കുന്നുമ്മൽ താമസിക്കും കുട്ടൂലീന്റവിട എന്നയാൾ 35000/- രൂപ (Bill Reference No-20170452013501358084) കൈപ്പറ്റിയെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല.

അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം-24/20-21 തി-26.11.2021) ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-16 സാക്ഷരത പ്രേരക് മാർക്ക് ഓണറേറിയം നൽകിയത് - അപാകതകൾ</u>**

സാക്ഷരതാ മിഷനിൽ നിന്നും ഓണറേറിയം തുക ലഭിക്കുവാൻ വൈകുന്ന സമയങ്ങളിൽ തനത്ഫണ്ടിൽ നിന്നും തുക നൽകേണ്ടതും, വിവരം ജില്ലാ സാക്ഷരതാ മിഷൻ അറിയിച്ച് തിരികെ വാങ്ങേണ്ടതുമാണ്. എന്നാൽ 2020-21 വർഷം സാക്ഷരത പ്രേരക് മാർക്ക് ഓണറേറിയം ഇനത്തിൽ നൽകിയ തുക 24792/-രൂപ തിരികെ ലഭ്യമാക്കിയിട്ടില്ലാത്തതായി കാണുന്നു.

കൂടാതെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻകാലങ്ങളിൽ നൽകിയ 325472 രൂപയും തിരികെ ലഭ്യമാക്കാനുള്ളതായി കാണുന്നു. പഞ്ചായത്തിൽ നിന്നും തുക നൽകിയതല്ലാതെ തിരികെ ലഭ്യമാക്കാനുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

**1-17 എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കായി വാങ്ങിയ മുഴുവൻ ഫർണിച്ചറുകളും വിതരണം ചെയ്തില്ല.**

2019-20 വർഷത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (പ്രോജക്റ്റ് നം-33), പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ(പ്രോജക്റ്റ്-34) എന്നിവയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ കേരളാ സ്മാൾസ്കെയിൽ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും താഴെ പറയും പ്രകാരം ഫർണിച്ചറുകൾ വാങ്ങുകയും സ്പിൽ ഓവറായി 2020-21 വർഷം തുക ചെലവഴിച്ചിട്ടുമുണ്ട്.

| പ്രോജക്റ്റിന്റെ പേര് | ഇൻവോയ്സ് നം | ഇനം ,എണ്ണം | തുക | ട്രഷറി ബിൽനം |
|---|---|---|---|---|
| പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | ഇൻവോയ്സ് നം- CLKKD/19-20/131 Dated-25-2-20 | Steel Tabletwith One Draw &Copboard-30 Steel Armless Chair-30 | 149512 | 2/21-4-20 |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | ഇൻവോയ്സ് നം- CLKKD/19-20/132 Dated-25-2-20 | Steel Tabletwith One Draw &Copboard-27 Steel Armless Chair-27 | 134560 | 1/21-4-20 |

ഫർണിച്ചറുകളുടെ വിതരണം പരിശോധിച്ചതിൽ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കായി വാങ്ങിയ 30 ഫർണിച്ചറുകളിൽ 28 എണ്ണവും, പട്ടികജാതി വിദ്യാർത്ഥികൾക്കായി വാങ്ങിയ 27 ഫർണിച്ചറുകളിൽ 26 എണ്ണവും മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകളിൽ മൂന്ന് എണ്ണം വീതം മേശയും കസേരകളുടെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഉജ്ജ്വൽകൃഷ്ണ ചാത്തോത്ത്(പട്ടികജാതി) ആമിയ, അഖിൽ (പട്ടികവർഗ്ഗം) എന്നീ കുട്ടികൾക്ക് താമസസ്ഥലം മാറിപോയതിനാൽ ഫർണിച്ചർ വിതരണം ചെയ്യാൻ കഴിയാഞ്ഞതായും പ്രസ്തുത ഫർണിച്ചറുകൾ പഞ്ചായത്ത് ബഡ്സ് സ്കൂളിൽ സൂക്ഷിച്ചിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഫർണിച്ചറു കൾ കൈമാറി അറിയിക്കേണ്ടതാണ് .

**1-18 ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.**

ഇ-ടെണ്ടർ ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി കരാറുകാർ അടവാക്കുന്ന തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽപ്പെടുന്നതാണ്. 2019-20, 2020-21 വർഷങ്ങളിൽ മാത്രം 16 പൊതുമരാമത്ത്

പ്രവൃത്തികളിൽ ഇ-ടെണ്ടർ, റീ-ഇടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ ടെണ്ടർഫീ ഇനത്തിൽ പഞ്ചായ ത്തിന് ലഭിക്കാനുള്ള തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കേ ണ്ടതും കരാറുകാരുടെ ടെണ്ടർ ഫീ അടവാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയരുടെ പേരിൽ അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്. മുൻവർഷങ്ങളിലേതടക്കം ഉള്ള ടെണ്ടർഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-19 സ്ററാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നു.**

പൊതുമരാമത്ത് പദ്ധതി നിർവ്വഹണ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണെങ്കിലും പദ്ധതി ആസൂത്രണ രൂപീകരണ നടപടികൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല . പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇല്ല. കൃത്യതയുള്ളതും വിശദവുമായ വിവരങ്ങൾ വെളിവാക്കുന്ന വികസനാവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പരിഗണിക്കപ്പെടുമ്പോൾ മാത്രമാണ് ആസൂത്രണം നടക്കുന്നത്. ഓരോ മേഖലയിലും പൊതുവായി ഏതൊക്കെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടണമെന്ന് കില തയ്യാറാക്കിയ വിവിധ മേഖലകൾക്കുള്ള മാതൃകാ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഒന്നും ഉൾക്കൊള്ളുന്നില്ല. പഞ്ചായത്ത് അധീനതയിലുള്ള റോഡുകളുടെ തരം, നീളം , വീതി അറ്റകുറ്റപണികൾ ആവശ്യമായ റോഡുകളുടെ വിവരങ്ങൾ എന്നിവ ഒന്നും ഇല്ലാതെയാണ് തൻവർഷത്തെ റോഡ് നിർമ്മാണ പുനരുദ്ധാരണ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നത് . മേഖല നേരിടുന്ന പ്രശ്നങ്ങൾ, പ്രശ്നവിശകലനം പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ എന്നിവയില്ലാത്തതിനാൽ തന്നെ പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല. ആയതിനാൽ തന്നെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി തുക ചെലവഴിക്കപ്പെടുന്നു എന്നല്ലാതെ ആയത് ആവശ്യങ്ങൾക്ക് അനുസൃതമായിരുന്നോ എന്നും, ഫലപ്രദമായിരുന്നോ എന്നുമുള്ള പരിശോധന സാധ്യമാവാ തെ വരുന്നു. പൊതുമരാമത്ത് പദ്ധതി ഫയലുകളിലെല്ലാം വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ സാക്ഷ്യപ്പെടുത്തിയ മേണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉണ്ടെങ്കിലും പദ്ധതി മോണിറ്ററിംഗ് ചുമതലപ്പെട്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ ഇത് സംബന്ധിച്ച് അംഗങ്ങൾ യോഗം ചേർന്നതായോ മോണിറ്ററിംഗ് നിർവ്വഹിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല. 2020-21 വർഷ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 30-01-20, 28-02-20 എന്നീ തീയതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നത് മുതൽ പദ്ധതികളുടെ മോണിറ്ററിംഗ് വരെയുള്ള ഘട്ടങ്ങളിൽ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

**1-20 അഗതിരഹിത കേരളം-ചലഞ്ച് ഫണ്ട് യഥാസമയം കുടുബശ്രീക്ക് കൈമാറിയില്ല, ഭക്ഷണവിതരണം തടസ്സപ്പെട്ടു.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. കാവിലുംപാറ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ കോഴിക്കോട് ജില്ലയിലെ 54 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 9.3.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. കാവിലുംപാറ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 69 കുടുംബങ്ങൾ

ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 15120410 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 3418410 രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം വിവിധ സേവനപരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം താഴെക്കൊടുക്കുന്നു

| ഇനം | ആവശ്യമുള്ള കുടംബങ്ങളുടെ എണ്ണം |
|---|---|
| ഭക്ഷണം | 69 |
| മരുന്ന് | 67 |
| വസ്ത്രം | 31 |
| ഭവനം | 10 |
| വിദ്യാഭ്യാസം | 12 |
| കക്കൂസ് | 30 |
| ഭവനപുനരുദ്ധാരണം | 40 |
| വൈദ്യുതി | 1 |
| വെള്ളം | 14 |
| ഭൂമി | 1 |

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യംവെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. ആയതിൽതന്നെ ഭക്ഷണ വിതരണത്തിന് വിനിയോഗിക്കാവുന്ന ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുതുകയിൽ ആശ്രയ ഫണ്ടിൽ അവശേഷിക്കുന്ന921394 രൂപ കഴിച്ച് 218076 രൂപ 2019-20സാമ്പത്തിക വർഷത്തിൽ ജനുവരിയിൽ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ഈ തുക യഥാസമയം കുടുബശ്രീക്ക് കൈമാറുന്നതിൽ വന്ന വീഴ്ച കാരണം 31.3.2021 ശേഷം ഓഡിറ്റ് തിയ്യതി വരെ ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണം നടത്തി കാണുന്നില്ല. 11.10.21ൽ മാത്രമാണ് 218076 രൂപ കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ട് പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും ഫണ്ട് കൈമാറുന്നതിൽ വന്ന വീഴ്ച മൂലം അർഹതപ്പെട്ടവർക്ക് ഭക്ഷണ വിതരണം പോലും നടപ്പിലാക്കാതെ പോയതിന് കാരണം വിശദമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാവുന്ന പ്രൊജക്ടിന്റെ പ്രധാന ഘടകങ്ങളായ കിടപ്പാടം, ഭവനം, കുടിവെള്ളം, കക്കൂസ്, മുതലായവ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും കൈകൊണ്ടുകാണുന്നില്ല. ഭവനപുനരുദ്ധാരണത്തിന്റെ ആവശ്യകത 40 പേർക്ക് ഉണ്ടെങ്കിലും 2019-20, 20-21 സാമ്പത്തിക വർഷങ്ങളിൽ ഓരോ പേർക്ക് 75000 രൂപ വീതമാണ് ഭവന പുനരുദ്ധാരണത്തിന് തുക

വകയിരുത്തിയത്. ആയതിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഒരാൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഭവനപുനരുദ്ധാരണം പോലെ പഞ്ചായത്ത് വിഹിതം വിനിയോഗിക്കാവുന്ന സേവന പാക്കേജുകൾ ആവശ്യമുള്ള കുടുംബങ്ങൾക്ക് പഞ്ചായത്ത് വിഹിതം വിനിയോഗിക്കാൻ പഞ്ചായത്ത് നടപടികൾ കൈകൊള്ളാത്തത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ഭവനം ആവശ്യമുള്ള 10 കുടുബങ്ങൾ അഗതി രഹിതകേരളം പദ്ധതിയിൽ ഉണ്ട്. ആയതിൽ 3 പേർ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടങ്കിലും ആനുകൂല്യം ലഭ്യമായിട്ടില്ല. 3പേർക്ക് സ്പോൺസർഷിപ്പിലൂടെ വീട് ലഭ്യമായതായി കുടുംബശ്രീയിൽ നിന്നും അറിയിച്ചു. അവശേഷിക്കുന്ന 4 പേർ ലൈഫ് ഭവനപദ്ധതിയിൽ പോലും ഉൾപ്പെട്ടിട്ടില്ല. സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. അതേപോലെ കിടപ്പാടം ആവശ്യമുള്ള കുടുംബത്തിന് പഞ്ചായത്ത് കിടപ്പാടം നൽകി കാണുന്നില്ല. കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ അർഹതപ്പെട്ടവർക്ക് നൽകുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിൽ ആശ്രയ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷണവിതരണം നടത്തിയിട്ടുണ്ട്. ഇതിന്റെ വിതരണ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. അഗതിരഹിത കേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1)അഗതി കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15%ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.

2)ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയിരുത്തൽ സമിതി യോഗം ചേർന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4) അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരി ക്കാൻ നിഷ്കർഷിക്കുന്നുണ്ടെ ങ്കിലും പഞ്ചായത്തിൽ അത്തരമൊരു ഉപസമിതി രൂപീകരിച്ചതായി കാണുന്നില്ല. മേൽ അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദമായ മറുപടി ലഭ്യമാക്കിയിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവന്നതിലാണ് യഥാസമയം കുടുബശ്രീക്ക് തുക കൈമാറാൻ കഴിയാതിരുന്നതെന്ന മറുപടി തൃപ്തികരമല്ല. കോവിഡ് കാലത്ത് അത്യാവശ്യം നിർവഹിക്കേണ്ട അഗതികൾക്കുള്ള ഭക്ഷണ വിതരണം മുടങ്ങിയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കി അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾക്ക് ആവശ്യമായ സേവന പരിചരണ പാക്കേജുകൾ ലഭ്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്.

**1-21 ജലനിധി പദ്ധതികളുടെ പുനരുദ്ധാരണത്തിന് കൈമാറിയ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.**

പ്രൊജക്ട് നമ്പർ -44/21

വകയിരുത്തിയ തുക - 502650

ചെലവുതുക - 502650 (ബിൽ നമ്പർ 23/6.11.21)

ജലനിധി ഒന്നാം ഘട്ട പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി രൂപം

നൽകിയിട്ടുള്ള ജലനിധി സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെട്ടുത്തി ഗ്രാമ പഞ്ചായത്തിലെ 8 കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി 3023000 രൂപക്ക് സർക്കാർ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ 15% തുകയായ 502650 രൂപ പഞ്ചായത്ത് വിഹിതമായി ജലനിധി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. മേൽ കുടിവെള്ള പദ്ധതികളുടെ സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ ത്തിനായി സാങ്കേതികാനുമതി ലഭ്യമായ തുകയുടെ 15% തുകയാണ് പഞ്ചായത്ത് കൈമാറണ്ടേതെന്നിരിക്കെ ആയത് ലഭ്യമാക്കാതെ സർക്കാർ ഭരണാനുമതി ലഭിച്ച തുകയുടെ 15% മാണ് പഞ്ചായത്ത് വിഹിതമായി അടവാക്കിയിരിക്കുന്നത്. ഇപ്രകാരം അടവാക്കിയ തുക ജലനിധി അക്കൗണ്ടിൽ നിന്നും 26.5.21ൽ പഞ്ചായത്ത് ലെവൽ ആക്ടിവിറ്റി കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതോടൊ പ്പം മേൽ കുടിവെള്ള പദ്ധതികളുടെ സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം പ്രൊജക്ടുകൾ മോണിട്ടറിംഗിന് വിധേയമാക്കേണ്ട കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതകൾക്ക് കാരണമായത്. കുടിവെള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റ്, പഞ്ചായത്ത് കൈമാറിയ തുക യുടെ വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്. ചെലവു തുക 502650 രൂപ തടസ്സത്തിൽ വെക്കുന്നു

## <u>1-22 ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കിയില്ല.</u>

സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ B 4 സ്റ്റേറ്റ്മെന്റ് പ്രകാരം 960719 രൂപ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ അവശേഷിക്കുന്നു. ആയതിൽ 796727 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും, 163992 രൂപ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ്. നിലവിൽ ഈ തുകകൾക്കൊന്നും പഞ്ചായത്ത് പ്രൊജക്ടുകൾ തയ്യാറാക്കി തുക വകയിരുത്തി കാണുന്നില്ല. ആയതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ല/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ ട്രഷറിയിലുള്ള ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 1473410 രൂപ നീക്കിയിരിപ്പുണ്ട്. ആയതിൽ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം 960719 രൂപ കഴിച്ച് 512691 രൂപ ഏത് ഫണ്ടാണെന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.

## <u>1-23 പച്ചക്കറി തൈ വിതരണം- സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തി തുക ചെലവഴിച്ചതിൽ അപാകത.</u>

പ്രൊജക്ട് നമ്പർ - 148/21

വകയിരുത്തിയ തുക - 160000

ചെലവുതുക - 123500 (ബിൽ നമ്പർ 1/20-21 തി.20.4.20)

മേൽ പ്രൊജക്ടു പ്രകാരം 247 പച്ചക്കറി തൈ കിറ്റുകൾ നിർവഹണ ഉദ്യോഗസ്ഥൻ ആഗ്രോ സർവീസ് സെന്റർ ചാത്തങ്കോട്ടുനട എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരവും, സുലേഖ സ്റ്റേറ്റ് മെന്റ പ്രകാരവും ആയത് സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. സുലേഖ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ2019-20 സാമ്പത്തിക വർഷത്തിൽ ഇത്തരമൊരു പ്രൊജക്ട് നടപ്പിലാക്കാനുണ്ടായിരുന്നില്ല.പിന്നീട് എങ്ങനെ ഈ പ്രൊജക്ട് സ്പിൽ ഓവർ പ്രൊജക്ടായി 2020-21ൽഉൾപ്പെടുത്തി എന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഇത്തരത്തിൽ വാങ്ങിയ പച്ചക്കറി തൈ കിറ്റുകൾ 247 എണ്ണം ആർക്കൊക്കെ വിതരണം ചെയ്തു എന്നതിന്റെ രേഖകൾ

പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കുന്നതിനും തൈകളുടെ വിതരണവിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം തൈകളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതുമാണ്. ചെലവുതുക 123500 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-24 വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ തൈകൾ, വിത്തുകൾ എന്നിവ വിതരണം ചെയ്തതിന് രേഖകളില്ല.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തികവർഷം താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ വാഴക്കന്നുകൾ ഫലവൃക്ഷ തൈകൾ എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട നമ്പർ/ പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 189/21- വനിതാകർഷകർക്ക് വാഴക്കന്നുവിതരണം | 208998 | 28900(ബിൽ നമ്പർ 2/20-21തി.28.5.20 | 1700 വാഴക്കന്നുകൾ ആഗ്രോ സർവീസ് സെന്റർ ചാത്തകൊട്ട് നടയിൽനിന്നും വാങ്ങി. വിതരണവിവരം ലഭ്യമല്ല |
| 195/21സുഫലം | 933200 | 549200(ബിൽ നം 7/20-21 തി 9.3.21 | 400 രൂപ വിലയുള്ള 1148 ഫലവൃക്ഷതൈ കിറ്റുകൾ ആഗ്രോസർവീസ് സെന്റർ ചാത്തകൊട്ട് നടയിൽനിന്നും വാങ്ങി. വിതരണവിവരം ലഭ്യമല്ല |

ഫലവൃക്ഷതൈ കിറ്റുകൾ, വാഴക്കന്നുകൾ എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് വ്യാപനം മൂലമാണ് വിതരണ വിവരം ലഭ്യമാവാതിരുന്നതെന്ന മറുപടി തൃപ്തികരമല്ല. വാർഡ് മെമ്പർമാർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് വാഴക്കന്നുകളും, തൈകളും വിതരണം ചെയ്തതെന്ന മറുപടി പരിഗണിക്കാവുന്നതല്ല. വിതരണസമയത്ത് ആയത് കൈപറ്റിയതായുള്ള രേഖകൾ ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കാമെന്നിരിക്കെ ആയത് ലഭ്യമാക്കുന്നതിൽ നിർവഹണഉദ്യോഗസ്ഥൻ കാണിച്ച അലംഭാവമാണ് അപാകതക്ക് കാരണമായത്. വിതരണ വിവരം ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്. ചെലവു തുക 578100 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 ബഡ്സ് സ്കൂൾ ഭക്ഷണ വിതരണം - ഭക്ഷണ വിതരണത്തിന് മതിയായ ഫണ്ട് വകയിരുത്തിയില്ല.

പ്രൊജക്ട് നമ്പർ - 56/21

വകയിരുത്തിയ തുക - 50000

ചെലവുതുക - 49989 (ബിൽ നമ്പർ 12/20-21 തി 8.10.21 -29583

34/20.21തി 16.321-20406)

ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണ വിതരണത്തിനുള്ള മേൽ പ്രൊജക്ട് പ്രകാരം ബഡ്സ് സ്കൂളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 57 പേർക്ക് 2020 സെപ്റ്റംബർ, 2021 മാർച്ച് മാസങ്ങളിൽ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തതിന് നാദാപുരം സർവീസ് സഹകരണ ബാങ്കിന് മേൽ പ്രകാരം തുകനൽകിയിട്ടുണ്ട്. ഭക്ഷണ വിതരണത്തിനായി വകയിരുത്തിയ ഫണ്ട് നാമമാത്രമായതിനാൽ കേവലം രണ്ട് മാസം മാത്രമെ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. കോഴിക്കോട് ജില്ലാകലക്ടറുടെ 3.8.2020ലെ D.C.KKD/1713/20 ഉത്തരവിൽ കോവിഡ് രോഗ വ്യാപന പശ്ചാത്തലത്തിൽ ബഡ്സ് സ്കൂളുകളും ,ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഭിന്നശേഷി വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് സ്കൂളിൽ പോകാൻ സാധിക്കാത്തതിനാൽ കുട്ടികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നത് അത്യന്താപേക്ഷിത മായതിനാൽ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ഭിന്നശേഷിക്കാരായ കുട്ടികൾക്കും ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളാൻ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് റിവൈസ് ചെയ്ത് ഭക്ഷണ വിതരണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികളുണ്ടാകാത്തതിനാൽ ഭക്ഷണവിതരണം ഭാഗികമായി മാത്രമെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഏപ്രിൽ മെയ് മാസങ്ങളിൽ മാത്രമാണ് പഞ്ചായത്ത് ഭക്ഷണ വിതരണം നടത്തുന്നതെന്നും അവശേഷിക്കുന്ന മാസങ്ങളിൽ വിദ്യാഭ്യാസ വകുപ്പാണ് ഭക്ഷണ വിതരണം നടത്തുന്ന തെന്നുമുള്ള മറുപടി ഉത്തരവാദിത്തത്തിൽ നിന്നുള്ള ഒഴിഞ്ഞുമാറലാണ്. കോവിഡ് കാലത്ത് സ്കൂൾ പ്രവർത്തിക്കാത്തതിനാൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ഭക്ഷണവിതരണം നടക്കാത്ത സാഹചര്യത്തിൽ മേൽ ഉത്തരവു പ്രകാരം ഭക്ഷണവിതരണംപഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ ആയത് യഥാസമയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തി പ്രൊജക്ട് റിവൈസ് ചെയ്ത് ഭക്ഷണവിതരണം ഉറപ്പുവരുത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥക്ക് വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**<u>1-26 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല.</u>**

2020-21 വർഷം നിർവ്വഹണ ഉദ്യോഗസ്ഥരായ ഹെഡ്മാസ്റ്റർ ,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്പിൽ ഓവറായി ചെലവഴിച്ച താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 2019-20 വർഷത്തെ പ്രോജക്ടിന്റെ പേരും നമ്പരും | നിർവ്വഹണം | അടങ്കൽ തുക | ചെലവ് | ട്രഷറിബിൽ നം, തീയ്യതി |
|---|---|---|---|---|
| പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ പ്രോജക്ട് നം-34 | ഹെഡ് മാസ്റ്റർ | 175000 (ടി.എസ്.പി) | 149512 | 2/21-4-20 |
| റേഷൻകട എസ്.എൻ.ഡി.പി റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ | 390000 (മെയിന്റനെൻസ്ഗ്രാന്റ് റോഡ്) | 389758 | 26/12-8-20 |

| | | | | |
|---|---|---|---|---|
| പ്രോജക്ട് നം-66 | | | | |

മേൽ പ്രോജക്ടുകൾ 2019-20 വർഷ സുലേഖ പദ്ധതിചെലവ് രേഖകൾ പ്രകാരം പദ്ധതികൾക്ക് ചെലവില്ല . പ്രസ്തുത പ്രോജക്ടുകൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം ചെയ്യുകയും 2020-21 വർഷം ട്രഷറി ബിൽ പ്രകാരം ചെലവ് നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്നാൽ രണ്ട് പ്രോജക്ടുകളും സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ് മെന്റിൽ ഉൾപ്പെട്ടിട്ടില്ല.ആയത് വിശദീകരിക്കേണ്ടതാണ്

## <u>1-27 പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്.-കെൽട്രോണിൽ അധിക തുക അടവാക്കിയതും മറ്റ് അപാകതകളും</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| പ്രൊജക്ട നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|
| 206/21പട്ടികവർഗ്ഗ വിഭാഗത്തിന് ലാപ് ടോപ്പ് | 139900 | 112660 | 2/20-21തി 15.3.21 |
| 95/21പട്ടികജാതിവിഭാഗത്തിന് ലാപ് ടോപ്പ് | 120000 | 112660 | 3/20-21തി 15.3.21 |
| ആകെ ചെലവുതുക | | 225320 | |

രണ്ട് പ്രൊജക്ടുകളിലായി 4 വീതം പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് മേൽ ബിൽ പ്രകാരം 225320 പിൻവലിച്ച് നിർവഹണ ഉദ്യോഗസ്ഥൻ കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. 6.10.21ൽ എയിസർ കമ്പനിയുടെ 8 ലാപ് ടോപ്പുകൾ സപ്ലൈ ചെയ്തുകൊണ്ട് ലഭ്യമാക്കിയ കാഷ് ബിൽ പരിശോധിച്ചതിൽ ലാപ് ടോപ്പുകൾക്ക് ആകെ 216874 രൂപ മാത്രമെ വിലവരുന്നുള്ളു.(108437X2=216874). ഇതിൽ നിന്നും 8446 രൂപ കെൽട്രോണിൽ അധികം അടവാക്കിയതായി കാണുന്നു. ആയത് തിരിതെ ഈടാക്കാൻ പഞ്ചായത്ത് തുടർ നടപടികൾ കൈകൊണ്ടുകാണുന്നില്ല. തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. പ്രൊജക്ട ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെപ്പറയുന്നു.

1)2021 മാർച്ച് മാസത്തിൽ കെൽട്രൊണിൽ ലാപ്ടോപ്പുകൾക്ക് തുക അടവാക്കിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിരിക്കുന്നത് 6.10.2021നാണ്. ഗുണഭോക്താക്കൾ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട നമ്പർ 206/21പ്രകാരം ആനുകൂല്യം കൈപറ്റിയ 4ഗുണഭോക്താക്കളിൽ 3പേരും 95/21 പ്രകാരം കൈപറ്റിയ 4 പേരിൽ രണ്ട് പേരും 2020-21 സാമ്പത്തിക വർഷത്തിൽ തങ്ങളുടെ കോഴ്സ് കാലാവധി പൂർത്തീകരിച്ചവരാണ്. ഇതിൽ നിന്നും ആകെ ആനുകല്യം അനുവദിച്ച 8 പേരിൽ 6 പേരും കോഴ്സ് കാലാവധി അവസാനിച്ച ശേഷമാണ് ലാപ്ടോപ്പുകൾ കൈപ്പറ്റിയിരിക്കുന്നത് എന്ന് വ്യക്തമാവുന്നു.

2).ലാപ് ടോപ്പ് കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.വിഷ്ണു.പി.വി. കോമാവുള്ള പറമ്പത്ത് എന്ന വിദ്യാർത്ഥി ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാൻ മേഴ്സി കോളേജ് പേരാമ്പ്രയിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഫൈനൽ ബി.കോമിന് പഠിക്കുന്നതായി സ്ഥാപനമേധാവി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. സ.ഉ.നമ്പർ22/18 ത.സ്വ.ഭ.വ തി.14.2.18 ഖണ്ഡിക 7.2.9 പ്രകാരം പാരൽ കോളേജിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ

ഹാജരാക്കിയതിനുശേഷം മാത്രമെ ആനുകൂല്യം നൽകാൻ പാടുള്ളു. എന്നാൽ പ്രസ്തുത രേഖ ഹാജരാക്കാതെയാണ് ഗുണഭോക്താവിന് ആനുകൂല്യം നൽകിയിരിക്കുന്നത്.

3) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പ്രൊജക്ടിന്റെ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് യഥാസമയം മോണിട്ടറിംഗിന് വിധേയമാക്കേണ്ട പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള ആരോഗ്യം വിദ്യഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്.ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി, ആവശ്യമായ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയും കെൽട്രോണിൽ അധികം അടവാക്കിയ തുക തിരികെ ഈടാക്കിയും അപാകതകൾ പരിഹരിക്കാവുന്നതാണ്. കെൽട്രോണിൽ അധികം അടവാക്കിയ 8446 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**<u>1-28 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-K.S.E.B.അനുമതി ഇല്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിച്ചതും മറ്റ് അപാകതകളും.</u>**

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം നടപ്പിലാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം സ്പിൽ ഓവറായി നടപ്പിലാക്കിയ രണ്ട് പ്രൊജക്ടുകളുടെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രൊജക്ട നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക |
|---|---|---|
| 180/21 തെരുവ് വിളക്ക് സ്ഥാപിക്കൽ | 300000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 277788 (ബിൽ നമ്പർ 22/6.11.21) |
| 181/21 തെരുവ് വിളക്ക് സ്ഥാപിക്കൽ | 300000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 277788 (ബിൽ നമ്പർ 23/6.11.21) |
| ആകെ | 600000 | 555576 |

മേൽ പ്രൊജക്ടുകൾ പ്രകാരം 25W. L.E.D.ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ 84 എണ്ണം വീതം മൊത്തം 168 എണ്ണം ടെണ്ടർ നടപടികൾ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ക്കൊടുക്കുന്നു.

1)തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുമ്പ് കെ.എസ്.സി,ബി.യിൽ സൂപ്പർ വിഷൻ ചാർജ് അടവാക്കി കെ.എസ്.സി,ബി.യിൽ നിന്നും അനുമതി ലഭ്യമാക്കുകയോ, പ്രവൃത്തി പൂർത്തീകരിച്ചശേഷം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തതായി കാണുന്നില്ല.

2)തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ 168 തെരുവ് വിളക്കുകളും 1, 10, 12 വാർഡുകളിലായി സ്ഥാപിച്ചതായി പ്രസിഡണ്ട് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓരോ വാർഡിലും എത്ര എണ്ണം സ്ഥാപിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. പ്രൊജക്ടുകൾ പ്രകാരമുള്ള ലൈറ്റുകൾ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സ്ഥാപിക്കാതെ മൂന് വാർഡുകളിൽ മാത്രം സ്ഥാപിച്ചതിന്റെ കാരണം വ്യക്തമല്ല. പ്രോജക്ടിൽ ഇത്തരമൊരു നിബന്ധന ഉൾപ്പെടുത്തി കാണുന്നില്ല.

3)പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട പൊതുമരാമത്ത് ഊർജം വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് മോണിട്ടർ ചെയ്തതായി കാണുന്നില്ല.

4)ഒരേ ഉദ്ദേശത്തോടുകൂടി ഒരേഫണ്ട് ഉപയോഗിച്ച് രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയ നടപ്പിലാക്കിയതിന്റെ ആവശ്യകത വ്യക്തമല്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട മുഴുവൻ അന്വേഷണങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. 100% നികുതി പിരിവ് കരസ്ഥമാക്കിയ വാർഡുകൾക്ക് പാരിതോഷികമെന്ന നിലയിൽ ആവിഷ്കരിച്ച പ്രൊജക്ടാണിതെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്തിനെ ഒന്നായിക്കണ്ട് ആവിഷ്കരിക്കാത്ത പ്രൊജക്ടുകൾ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പിലാക്കാൻ പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമല്ല. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 114/20-21 | പൊയിലോംചാൽ കൊടപ്പടി റോഡ് | 970000 | 949238 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ട ത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗി ക്കുന്ന കോൺക്രീറ്റും വ്യത്യ സ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ട താണ് എന്നാവശ്യപ്പെട്ടതിനുള്ള അസിസ്റ്റന്റ് എഞ്ചിനീയരുടെ വിശദീകരണത്തിൽ റോഡ് പ്രവൃത്തികളിൽ പ്രസ്തുത കോഡ് ഉപയോഗിക്കാിടയായ സാഹചര്യം വിശദീകരിക്കുകയും 11.4.3.1 ലെ40mm മെറ്റൽ ഒഴിവാക്കി പുതിയ ഗ്രേഡിംഗിലുള്ള മെറ്റൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ ഒരു ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി അംഗീകരിച്ച് നൽകിയത് 2021-22 വർഷം മുതലാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ വർഷ റോഡ് നിർമ്മാണപ്രവത്തികളിൽ ആയത് പ്രകാരമായി രിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്. നിർമ്മാണ പ്രവൃത്തികളിൽ ആവശ്യമായതും അനുയോ ജ്യമായതുമായ ഡാറ്റതന്നെ ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-30 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നത് വഴി പഞ്ചായത്തിന് നഷ്ടം**

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവു തന്നെ ഇല്ലാത്തതായോ കാണാം. 17 ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രോജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയു ള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനി യോഗമാണ്. ഇത് സംബന്ധിച്ച് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ, ഭരണസമിതിയിലോ ചർച്ച നടന്നതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 10% OH എന്നത് അവലംബിക്കുന്ന ഡാറ്റയുടെ അംഗീകൃതവും അനിവാര്യവുമായ ഭാഗമാണ് .ഇത്തരത്തിൽ പ്രോജക്ടിന്റെ വലിപ്പചെറുപ്പങ്ങൾ പരിഗണിക്കാൻ നിലവിൽ ഉത്തരവില്ല . മാത്രവുമല്ല നിലവിൽ Price എന്ന

കേന്ദ്രീകൃത സംവിധാനത്തിലൂടെ സർക്കാർ നിശ്ചയിച്ച നൽകുന്ന നിരക്കാണ് അടിസ്ഥാനമാക്കിയിരിക്കുന്നത് ,ഇത് മാറ്റാൻ ഉദ്യോഗസ്ഥർക്ക് സാധിക്കുകയില്ല. സർക്കാർതലത്തിൽ പ്രൈസിലെ നിരക്ക് മോഡിഫൈചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്നമാണ്. ആയതിനാൽ പ്രവൃത്തികളിൽ അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിക്കേണ്ടിവരുന്നത് വഴി പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാവുന്നത് സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-31 റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല**

ഓഡിറ്റ് വർഷത്തിൽ 43 റോഡുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 23 എണ്ണം പുതിയ പ്രോജക്ടുകളാണ്. കൂടാതെ മറ്റ് റോഡുകളും വിവിധ ഫണ്ടുകളുപയോഗിച്ച് മെയിന്റനൻസ് നടത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാ ക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാ ണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ ഏത് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്ന ത് എന്ന് വ്യക്തമല്ല . വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി തുടർ വർഷ പദ്ധതികളിൽ ആസ്തിസംരക്ഷണ പദ്ധതി തയ്യാറാക്കി പദ്ധതികൾ നിർവ്വഹിക്കുന്ന താണ് എന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ് ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടു ത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

**4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2020-21 | 2020-21 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 144000 | മുട്ടഗ്രാമം വനിത | 144000 | 0 |
| | 2020-21 | 137500 | മുട്ടഗ്രാമം വനിത-(S.O) | 137500 | 0 |
| | 2020-21 | 900000 | ലൈഫ് ഘട്ടം-3 പട്ടികവർഗ്ഗം | 900000 | |
| | 2020-21 | 382300 | ഭിന്നശേഷി സ്കോളർഷിപ്പ് | 382300 | |
| | 2020-21 | 300000 | ക്ഷീരഗ്രാമം വനിത | 300000 | |
| | 2020-21 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | |
| | 2020-21 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി വനിത | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 388813 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 388813 | 0 |
| | 2020-21 | 80000 | ലൈഫ് ഭവനപദ്ധതി | 80000 | 0 |
| | 2020-21 | 161860 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 161860 | 0 |
| | 2020-21 | 40000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി വനിത | 400000 | |
| | 2020-21 | 154560 | പാലിയേറ്റീവ് കെയർ | 154560 | |
| | 2020-21 | 234100 | ഭിന്നശേഷി സ്കോളർഷിപ്പ് | 234100 | |
| | 2020-21 | 213325 | കാലിത്തീറ്റ സബ്സിഡി | 213325 | |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 605608 | കലങ്ങോട് കുടിവെള്ളപദ്ധതി | 605608 | |
| | 2020-21 | 40000 | ലൈഫ് -എസ്സ്.ടി | 40000 | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 400000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്,ഇ.ബി | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 275/04.03.2021 | 400000 | -- | 400000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെ യും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | സ.ഉ(സാധാ) നം6105/2019/ ധന/തി.1.08.2019 | 0 | 25618718 | 2003960 | | 23614758 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 | 2001-02 | 11.12.1 (78,79)7 | വസ്ത്ര നിർമ്മാണം-വനിത കൾക്ക് തൊഴിൽ പരിശീലനം | 1105/- രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ 2006-08 അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട് (റിപ്പോർട്ട് നം-2ഖണ്ഡിക 135,136) |
| 1999-2000 | 47 | 2001-02 | 11.12.2 (79) | പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതി ന് ധനസഹായം നൽകൽ | അനധികൃതമായി കൈപ്പ റ്റിയ തുക ഈടാക്കണം (റിപ്പോർട്ട് നം-2ഖണ്ഡിക 142) |
| 2000-01 | 3-2 | 2004-05 | 11.1.3.19 | നികുതി കുടിശ്ശിക | - |
| 2001-02 | 3-2 | 2005-06 | 70(14-22) 70(5,6) 6(5) | നികുതി പിരിക്കുന്നതിൽ അലംഭാവം കുടിശ്ശിക വർദ്ധിക്കുന്നു. | നിലനിൽക്കുന്നു |
| 2002-03 | 2-4 | 2006-07 | 3.79.1.9.100 | പിരിച്ചെടുക്കാത്ത തുകകൾ കാലഹരണപ്പെട്ടത് | നിലനിൽക്കുന്നു |
| 2002-03 | 3-4 | 2006-07 | 3.79.1 | ചാത്തങ്കോട്ടുനട പട്ടികവർഗ്ഗ കോളനി പൊതുകിണർ | നിലനിൽക്കുന്നു |
| 2002-03 | 3-7 | 2006-07 | 3.79.18.15.117 | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി | നിലനിൽക്കുന്നു |
| 2003-04 | 2-2 | 2006-07 | 3.79.1 | നികുതി കുടിശ്ശിക കാലഹരണപ്പെട്ടു | നിലനിൽക്കുന്നു |
| 2003-04 | 3-5 | 2006-07 | 3.79.1 | കണ്ടുതോട്ഏലക്കണ്ടി-കരുടൻ കടവ് കുടിവെള്ള പദ്ധതി | നിലനിൽക്കുന്നു |
| 2003-04 | 3-4(1) | 2006-07 | 3.79.1 | ചീളിയോട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് പ്രവൃത്തി | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തീകരിക്കാതെ അവസാനിപ്പിച്ച | |
| 2003-04 | 3-4(2) | 2006-07 | 3.79.18.9.116 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം- പദ്ധതിലക്ഷ്യം കൈവരിച്ചില്ല. | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക / ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1997-98 | 30(1,2,3), 29,31 (1,2) | ശ്രീമതി. രേണുക സെക്രട്ടറി, ശ്രീ.എൻ. പൊന്നപ്പൻ ആചാരി | LF 22266 /Spl Cell/ SC 402000 / Dtd: 10.09.02 | 31371 | 20985/- (Rt No- 20204/ 76 / 30.08. 2007) | | | | | | |
| 2 | 1999-2000 | 31,32, 33(1,2) 4-2, 4-5, 4-7 | ശ്രീ,പത്മനാഭൻ എൽ.ഡി.സി | LF 2291 /Spl Cell/ SC5(A) /005 / Dtd:25. 09.2006 | 38790 | 9290/- (Rt No- 1170 30100867 Dtd:03. 07.17). 15000/- (113034 00030d Dtd:21.02 .14) | | | | | | |
| 3 | 2003-04 | 3-3 | ശ്രീ.എ.എം മാധവൻ | LF 13836/ Spl Cell/ SC5(A)/ 007/ Dtd:29. 06..2009 | 3942 | 3942/- ( Rt No- 54 775/40 /31.12. 20009) | | | | | | |
| 4 | 1996-97 | 25,26 | ശ്രീ.സി സുധി സെക്രട്ടറി | LF 1241/Spl Cell/ | 1886 | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | SC4/ 2000/ Dtd:29. 11.2001 | | | | | | | | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97880867 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105213734 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1212696 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 502650/- | ശ്രീ.ഷാനവാസ് ഇ.<br>സെക്രട്ടറി |
| 1-23 | 123500/- | ശ്രീമതി.അമൃത ബാബു<br>കൃഷി ഓഫീസർ . |
| 1-24 | 578100/- | 28900/-<br>ശ്രീമതി.അമൃത ബാബു<br>കൃഷി ഓഫീസർ .<br>549200/-ശ്രീ.സൂരജ് എൻ<br>കൃഷി ഓഫീസർ |
| 1-27 | 8446/- | ശ്രീ.പ്രകാശൻ പി.എം<br>അസിസ്റ്റന്റ് സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.അമൃത ബാബു .കൃഷി ഓഫീസർ | കൃഷി ഓഫീസർ,അരിക്കുളം കൃഷിഭവൻ | കിഴക്കെ പാത്തുകണ്ടി(HO), ഒറവിൽ(PO), ഉള്ളിയേരി(VIA), 673323 |
| ശ്രീ.ഷാനവാസ് ഇ. സെക്രട്ടറി | സെക്രട്ടറി,വേളം ഗ്രാമപഞ്ചായത്ത് | പടിക്കലക്കണ്ടി(HO), നമ്മണ്ട(PO) |
| ശ്രീ.പ്രകാശൻ പി.എം അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി .കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് | ചേടിക്കാവിൽ(HO), പാലേരി (PO) |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്. കെ. .കെഡിപി6/ 1593(8)/09തീ.27/04/2011 | 4 | 25,26,32,33 |
| 1997-98 | എൽ.എഫ്. കെ.കെ.ഡി.പി6/ 1593(9)/2009തീ.27/04/2011 | 4 | 27,31,32,42 |
| 1998-99 | എൽ.എഫ്. കെകെ.ഡി.പി6/ 1593(10)/2009തീ.27/04/2011 | 5 | 28,29,36,37,40 |
| 1999-00 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 8 | 31,32,33(1),33(2),42, 45,47,51 |
| 2000-01 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 9 | - |
| 2001-02 | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 3 | 3-2,3-4, ഭാഗം 1 ബജറ്റ് |
| 2001-02 (ചെലവ്) | എൽ.എഫ്. കെ.കെ.ഡി.പി 6/782(എ)/2013തീ.04/06/12 | 11 | - |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി6 /1120(2)/2009തീ.20/05/2010 | 5 | 3-1,3-3,3-2,3-4,3-5 |
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി 6/ 1120(3)/2009തീ.20/05/2010 | 15 | 2-3,2-4(1)(2)(3), 3-1,3-2,3-3(3),3-3(4), 3-3(5)(6)(7)(8), 3-3(9)(10)(11) |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി 6/ 83/2011തീ.10/05/2011 | 19 | 2-1,2-7,2-8,2-10,3(1) (2),3(5)(1)(2),3-8,3-9, 3-10,3-13,3-14, 3-15(എ,ബി),3-16,3-17,3-18 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി 6/ 1415/2011തീ.02/05/2012 | 19 | 1-1,2-1,2-2,2-5,2-6,2-10,2-11, 3-3,3-4,3-6,3-7,3-8,3-11, 3-12,3-17,3-18,4-3,4-4,4-5 |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി 6 /1707/2012തീ.23/08/2013 | 9 | 1-3,1-4,2-1,2-6,3-2,3-3, 3-4,3-5,3-7 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി 6 /1706(1)/2012തീ.15/10/2013 | 4 | 3-7,3-9,3-10,4-7 |
| 2010-11 2011-12 | എൽ.എഫ്. കെ.കെ.ഡി.പി 6 /803/2014തീ.09/03/2015 | 25 | 1-5,2-2, 3(1,2,3,4,5,6,7) 3-8(എബി)1മുതൽ 6 വരെ 3-9,10,11,12,13, 14,15,17,18,4-4,4-5 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.6/ 1644/17തീ.28/02/18 | 9 | 2-1,2-4,3-2,3-6,3-7,3-8, 3-10,3-11,3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.8/ 267/2019 | 13 | 2-3,2,3,2-4,2-5,2-6,2-7, 2-8,2-9,3-1,3-3-1,3-4, 3-7,3-8,3-9 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്